# രാജർഷി

പുസ്തകം 8 | 1117 ധനു | ലക്കം 5

## മംഗളം.

—*—

സാരജ്ഞൻ ഗുണശാലി രാജ്യഭരണം പുല്ലെന്നപേക്ഷിച്ചൊരാ-
വീരൻതൻ സ്മരണക്കുദിച്ചുയരുമീ 'രാജർഷി'യെസ്സർവ്വരും
ആരംഭം മുതലാദരിപ്പു സുഖമായ് രാജ്യം ഭരിക്കും മഹാൻ
ധീരൻ 'കേരളവർമ്മ' ഭൂപരിവൃഢൻ കൂടിസ്സഹായിക്കണം.

നടുവം മഹൻ.

## അലങ്കാരവിചാരം.

'അല'ധാതുവിനു ഭൂഷണം പര്യാപ്തിവാരണം എന്നൊക്കെ അർത്ഥമുണ്ടു്. ഇവയിൽ ആദ്യത്തേതാണ് ഇവിടെ സ്വീകാര്യം. അലങ്കാരപദത്തിന് അലത്തെ (ഭൂഷണത്തെ) ചെയ്യുന്നതു് എന്നു ശബ്ദാർത്ഥം: അസുന്ദരവസ്തുക്കളിൽ സൌന്ദര്യത്തെ ജനിപ്പിക്കുകയോ അഥവാ സിദ്ധമായതിനെ വർദ്ധിപ്പിക്കുകയോ ആകുന്നു അലങ്കാരത്തിന്റെ ധർമ്മം.

കാവ്യത്തിൽ അലങ്കാരത്തിന് ഏററവും പ്രധാനമായ ഒരു സ്ഥാനം കല്പിതമായിരിക്കുന്നു. 'കാവ്യം ഗ്രാഹ്യമലങ്കാരാൽ' 'സൌന്ദര്യമലങ്കാരഃ' 'കാവ്യശബ്ദോ ഗുണാലങ്കാരസംസ്കൃതയോശ്ശബ്ദാർത്ഥയോർവ്വർത്തതേ' എന്നെല്ലാം വാമനാചാര്യൻ പറയുന്നു.

ലോകോത്തരചമല്ക്കാരകാരവൈചിത്ര്യസിദ്ധയേ
കാവ്യസ്യായമലങ്കാരഃ കോപ്യ പൂർവ്വോ വിധീയതേ.

എന്നു കുന്തകൻ അഭിപ്രായപ്പെടുന്നു. ഇവയിൽനിന്നു കാവ്യത്തിൽ അലങ്കാരത്തിനു സിദ്ധമായിരിക്കുന്ന സ്ഥാനത്തിന്റെ പ്രാധാന്യം ഏകദേശം ഗ്രഹിക്കുവാൻ കഴിയും. കാവ്യത്തിൽ സഹൃദയാനന്ദജനകമായ സൌന്ദൎയ്യം അലങ്കാരസന്നിവേശനംകൊണ്ടാണ് ശബ്ദാൎത്ഥങ്ങൾക്കു സംഭവിക്കുന്നത്. അതത്രെ അലങ്കാരത്തിന്റെ പ്രാധാന്യത്തിനു മൂലം. താദൃശമായ അലങ്കാരത്തെപ്പററി ചില സംഗതികൾ ഇവിടെ പ്രതിപാദിക്കുന്നതു് അസ്ഥാനത്തിലാകുകയില്ലെന്നു വിശ്വസിക്കുന്നു. അൎത്ഥത്തെയും ശബ്ദത്തെയും സംബന്ധിച്ച് അലങ്കാരം രണ്ടുവിധമുള്ളതിൽ ആദ്യത്തെതിനെക്കുറിച്ചു മാത്രമേ ഈ ഉപന്യാസത്തിൽ വിമൎശിക്കുന്നുള്ളു എന്നുകൂടി പറഞ്ഞുകൊള്ളുന്നു.

പ്രകൃതത്തിൽ, അലങ്കാരത്തിനു ലോകത്തിൽ സിദ്ധമായിരിക്കുന്ന സ്ഥാനത്തിന്റെ സ്വഭാവത്തെപ്പററി അല്പം ചിന്തിക്കുന്നതു് ഉചിതമായിരിക്കും. സൌന്ദൎയ്യത്തിൽ ആദരവും അഭിരുചിയും ഇല്ലാത്ത ജനങ്ങൾ വളരെ കുറവാകുന്നു. ഏററവും താഴ്ന്ന നിലയിലിരിക്കുന്ന ദരിദ്രന്മാർ മുതല്ക്കു്, അങ്ങെ അററത്തു് ഉയൎന്ന പദവിയിൽ സ്ഥിതിചെയ്യുന്ന സാൎവ്വഭൌമന്മാർവരെ ഏതുതരക്കാരായ ജനങ്ങളെ പരിശോധിച്ചാലും അവർ സൌന്ദൎയ്യാരാധകന്മാരാകുന്നു എന്നു യാതൊരു ക്ലേശവും കൂടാതെ തെളിയും. വിശേഷിച്ചും ഇന്നത്തെ ലോകത്തിൽ ഏതു ദേശത്തും കൃത്രിമസൌന്ദൎയ്യവൎദ്ധകങ്ങളായ വസ്തുക്കൾ അധികമധികം നിൎമ്മിക്കപ്പെടുന്നു എന്ന വസ്തുത ഈ അഭിപ്രായത്തിനു് ഒരു നല്ല താങ്ങായി നില്ക്കുന്നു. ഇപ്രകാരം സൌന്ദൎയ്യത്തിൽ ആസക്തി വൎദ്ധിക്കുമ്പോൾ തന്മൂലകമായ അലങ്കാരപ്രപഞ്ചത്തിൽ അമിതമായ ആദരവും ശ്രദ്ധയും സംഭവിക്കാതെ തരമില്ല.

അരിമണിയൊന്നു കൊറിപ്പാനില്ലാ
തരിവളയിട്ടു കിലുക്കാൻ മോഹം.

എന്നു മഹാകവിയായ കുഞ്ചൻനമ്പിയാർ പാടിയിരിക്കുന്നതു നിത്യേന അനുഭവത്തിൽ കാണുന്ന വാസ്തവമാകുന്നു. ദരിദ്രന്മാരായ ജനങ്ങൾ ഇരവലു വാങ്ങിയും മററും അലങ്കാരം ഉപയോഗിച്ച് ആഗ്രഹത്തിനു നിവൃത്തിവരുത്തുന്നു. സമ്പന്നന്മാരായ പ്രഭുക്കന്മാരുടെ കാൎയ്യം പറയേണ്ടതില്ലല്ലോ. ശിശു യുവാവു വൃദ്ധൻ സ്ത്രീ പുരുഷൻ ദരിദ്രൻ പ്രഭു എന്നിങ്ങനെ കാണുന്ന വ്യത്യാസങ്ങൾ അലങ്കാരാരാധനത്തിന്റെ കാൎയ്യത്തിൽ ഇല്ല. മനുഷ്യരിൽ അനുഭവപ്പെടുന്ന ഈ അലങ്കാരകൌതുകം, ദേവന്മാൎക്കും ഉണ്ടെന്നു പറയണം. സുവൎണ്ണമയങ്ങളും രത്നഖചി

തങ്ങളും ആയ കടകഹാരകുണ്ഡലകിരീടാദികളെക്കൊണ്ടു് അലംകൃതന്മാരെന്ന നിലയിലാണ് പുരാണങ്ങളിൽ ദേവന്മാരേയും ദേവിമാരേയും വർണ്ണിച്ചിരിക്കുന്നതു്. ക്ഷേത്രങ്ങളുടെ സമ്പൽസ്ഥിതി അനുസരിച്ചു്, അവയിൽ പ്രതിഷ്ഠിതന്മാരായ ദേവന്മാർ അലങ്കാരങ്ങൾ അണിഞ്ഞിരിക്കുന്നതു കാണാം.

ബഹുവിധങ്ങളും വിസ്മയപ്രദങ്ങളും ആയ ചിത്രങ്ങളും കൊത്തുപണികളും ചേർത്തിണക്കി, എത്രയ്ക്കു മോടിപിടിപ്പിക്കാമോ അത്രയ്ക്കു് അതു വരുത്തിയിരിക്കുന്നവയായിരിക്കും മഹാക്ഷേത്രങ്ങൾ വിഹാരങ്ങൾ രാജധാനികൾ പ്രഭുഗൃഹങ്ങൾ മുതലായവ. അവയുടെ സ്വഭാവം വിചാരിച്ചാൽ മനുഷ്യക്കു് ആവശ്യത്തോടുള്ളതിനേക്കാൾ എത്രയോ മടങ്ങു് അധികം പ്രീതിയും ആദരവും അലങ്കാരത്തോടു് ഉണ്ടെന്നു വെളിവാകും. മഹാക്ഷേത്രങ്ങളിലും രാജധാനികളിലും അലങ്കാരത്തിനുവേണ്ടി നിർമ്മിച്ചുവച്ചിരിക്കുന്ന കൃത്രിമവസ്തുക്കളെ നോക്കിയാൽ അവ ഉണ്ടാക്കുന്നതിനു ചെലവായിരിക്കുന്ന ധനത്തിൻെറയും സമയത്തിൻെറയും വിലയുടെ ശതാംശംപോലും അവയെക്കൊണ്ടു പ്രയോജനം ലഭിക്കുവാനില്ലെന്നു മനസ്സിലാക്കാം. കാഴ്ചയ്ക്കു് അനുഭവപ്പെടുന്ന ഭംഗിയേയും വിനോദത്തേയും ആസ്പദമാക്കിയത്രേ ഇവ നിർമ്മിച്ചിരിക്കുന്നതെന്നു ഗ്രഹിക്കുവാൻ ക്ലേശമില്ല. വിവാഹം, ഉത്സവം, ഘോഷയാത്ര മുതലായവയിൽ വേണ്ടെന്നുവയ്ക്കുവാൻ പാടില്ലാത്തവിധം ഒന്നായിത്തീർന്നിട്ടുണ്ടു് അലങ്കാരത്തിൻെറ കാര്യം. അതിനുവേണ്ടി കണക്കില്ലാതെ ധനം ചെലവു ചെയ്യുന്നു.

അലങ്കാരപ്രൌഢി സമ്പൽപുഷ്ടിയുടേയും തദ്രാഹിത്യം ദാരിദ്ര്യത്തിൻെറയും സന്താനമായി ഗണിക്കപ്പെടുന്നു. ദരിദ്രനെങ്കിലും ഒരുവൻ ഇരവലുവാങ്ങിയോ മററാ വിശിഷ്ടങ്ങളായ ആഭരണങ്ങൾ അണിഞ്ഞു വേഷത്തിനു മോടിവരുത്തി ഒരു ജനസംഘത്തിൽ ചെന്നാൽ അവനെ അതുവരെ നിസ്സാരനായി ഗണിച്ചിരുന്നവരും ബഹുമാനിയ്ക്കുന്നു. അതുപോലെ ഒരാൾ എത്രയ്ക്കു വലിയ പ്രഭുവായിരുന്നാലും താഴ്ന്നതരം അലങ്കാരവും വേഷവും വഹിച്ചുചെന്നാൽ, മററുള്ളവരുടെ അനാദരത്തിനു പാത്രമാകും. ഇതു ലോകത്തിൽ എവിടെയും ഏതുകാലത്തും കണ്ടുവരുന്ന ഒരു സ്വഭാവമാകുന്നു.

അലങ്കാരം കേവലം അനാവശ്യവും വർജ്ജ്യവുമെന്നോ അതു സ്ഥൂലമായ സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നതിനു മാത്രമേ പ്രയോജനപ്പെടുന്നുള്ളു എന്നോ പറയാവുന്നതല്ല. ഈശ്വരസൃഷ്ടിയിൽ വിശിഷ്ടതയും വി

ലയും ഏറിയ വസ്തുക്കളാണ് സ്വർണ്ണവും രത്നവും. ഇവയുടെ സമ്പക്കം ശരീരത്തിനു കാന്തിയേയും സൌന്ദര്യത്തേയും ജനിപ്പിക്കുന്നു; അത്രയുമല്ല ആയുർദൈർഘ്യം ബുദ്ധിശക്തി ആരോഗ്യസിദ്ധി എന്നിവയ്ക്കും അതു കാരണമാകുന്നു. കുട്ടികൾ പിറന്നാൽ സ്വർണ്ണവും വയമ്പും കൊടുക്കുന്ന പതിവ് ഇക്കാലത്തും ചില തറവാടുകളിൽ ഉണ്ട്. ഇവിടെ സ്മരിച്ച ആയുർദൈർഘ്യാദിഗുണങ്ങൾ ശിശുക്കൾക്കു ലഭിക്കുന്നതിനു വേണ്ടിയാണ് അങ്ങിനെ ചെയ്യുന്നത്. വിഷത്തിന് ഒരു ഫലപ്രദമായ ഔഷധം കൂടിയാകുന്നു സ്വർണ്ണം. മന്ത്രൌഷധികൾക്കെന്നപോലെ മഹത്തായ ഒരു പ്രഭാവം രത്നങ്ങൾക്കും ഉണ്ട്. 'ധാരയേൽ സതതം രത്നസിദ്ധമന്ത്രമഹൌഷധീഃ' എന്നും മററും ആയുർവ്വേദാചാര്യന്മാർ ഉപദേശിച്ചിരിക്കുന്നതിൻെറ രഹസ്യം പ്രകൃതത്തിൽ ഓർമ്മിക്കുന്നതു യുക്തമായിരിക്കും. ഇപ്രകാരം സ്വർണ്ണത്തിനും രത്നത്തിനും വൈശിഷ്ട്യം കൂടുതലുണ്ടെന്നും അവയുടെ ധാരണം ബഹുധാ പ്രയോജനപ്രദമെന്നും വരുന്നതായാൽ, അവയെക്കൊണ്ടു ഹിതാനുസരണം ആഭരണങ്ങൾ നിർമ്മിച്ചു ശരീരത്തിൽ ധരിക്കുകതന്നെയാണ് സൌകര്യം എന്നതിനു സംശയമില്ല. അതുകൊണ്ടു ജനങ്ങൾ അലങ്കാരാരാധനത്തിൽ കാണിക്കുന്ന പ്രീതിയും ആദരവും ആവശ്യവും ഉചിതവും എന്നു സിദ്ധം.

ഉയൎന്നതരം സ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്നവക്കു ലോകദൃഷ്ടിയിൽ അവക്കുള്ള വിലയും നിലയും വീഴാതെ നിത്തിക്കൊണ്ടുപോകുന്നതിനു തങ്ങളുടെ അവസ്ഥയ്ക്കു ഇണങ്ങുന്നവിധം അലങ്കാരങ്ങളിലും ആഡംബരങ്ങളിലും ആഭിമുഖ്യം പ്രകാശിപ്പിക്കേണ്ടതായിവരും. വലിയ പ്രഭുക്കന്മാരും രാജാക്കന്മാരും സാർവ്വഭൌമന്മാരും അലങ്കാരത്തിൽ ഉൽസുകന്മാരായി കാണപ്പെടുന്നതിൻെറ രഹസ്യം വേറെയൊന്നുമല്ല, അതുകൊണ്ട് അവരെ സംബന്ധിച്ചും അലങ്കാരപ്രീതി ആവശ്യം എന്നു വന്നുകൂടുന്നു.

ജനങ്ങളെ കൂട്ടത്തോടെ ആകഷിച്ചു വരുത്തേണ്ടതായ പല കാര്യങ്ങളും ഉണ്ടാകും. സംഗതികളുടെ സൂക്ഷ്മതത്വം ഗ്രഹിച്ച് അത്തരം കാര്യങ്ങളുമായി ഇടപെടുന്നവർ സാധാരണയായി ചുരുക്കമായിരിക്കും. അവരെ വിദ്യുച്ഛക്തികൊണ്ടെന്നപോലെ ഒരു സ്ഥലത്തേക്കു കൂട്ടംകൂട്ടമായി ആകഷിച്ചു വരുത്തുന്നതിന് അലങ്കാരങ്ങൾക്കും ആഡംബരങ്ങൾക്കും ശക്തി വേറെയുണ്ട്. പഞ്ചേന്ദ്രിയങ്ങളിൽ നേത്രം പ്രധാനം, കാഴ്ച അതിനെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു നേത്രേന്ദ്രിയമോഹനങ്ങളായ അലങ്കാരങ്ങൾക്കും ആഡംബരങ്ങൾക്കും പ്രാധാന്യം ഏറും. ഉത്സ

വം, ഘോഷയാത്ര, വിവാഹം എന്നതുടങ്ങിയവ അലങ്കാരാദികല്പനംകൊണ്ടു കഴിയുന്നതും മോടിപിടിപ്പിച്ചു നടത്തുന്നതിന്ന് ഇതത്രേ അടിസ്ഥാനം. സ്വസ്ഥാനത്തുനിന്ന് എന്തുതന്നെ വന്നാലും ഇളകാത്തവരെ അനേകസഹസ്രം നാഴിക ദൂരത്തിൽ നയിക്കുന്നതിന്ന് അലങ്കാരങ്ങൾക്കും തന്മയങ്ങളായ ആഘോഷങ്ങൾക്കും എത്രയ്ക്കു ശക്തിയുണ്ടെന്നു മഹാക്ഷേത്രങ്ങളിലും നഗരങ്ങളിലും നടത്തുന്ന ഉത്സവങ്ങളിൽനിന്നു മനസ്സിലാക്കാം. അതുകൊണ്ട് ഉത്സവാദി കാലങ്ങളിൽ ക്ഷേത്രങ്ങളെ അലങ്കാരങ്ങൾകൊണ്ടു മോടിവരുത്തുന്നതിൽ കാണിക്കുന്ന ഉത്സാഹവും അൎത്ഥവത്തെന്നു സമ്മതിക്കണം.

(തുടരും.)

വടക്കുംകൂർ രാജരാജവൎമ്മരാജാ.

## വിലാപം.

മൃതിപെട്ടിതു ഹന്ത! സാഹിതീ-
പതിയപ്പൻ നൃവരൻ മഹാമതി;
ദ്യുതിയേറിടുമാറു കേരള-
ക്ഷിതിതൊട്ടുള്ളൊരു പൊട്ടു മാഞ്ഞുപോയ്. 1

ഇരുപുത്രർ—നിനച്ചിടുമ്പൊഴു-
ള്ളരുകന്യ; വിധിയാക്ക നീക്കിടാം;
വിരുതേറുമവൎക്കുടുത്തുചെ-
ന്നരുളാമെന്നു ഗമിച്ചിതോ ഭവാൻ? 2

സുതരാമറിവുണ്ടിവൎക്കു തേ
സുതവാത്സല്യമ,തിങ്ങു ഞങ്ങളും,
സുതനു പ്രിയ, പുത്രി, പുത്രനും,
സുതമോബാധയിലാണ്ടതില്ലയോ? 3

പക ദുൎവ്വിധിചെയ്തതൊന്നും
വകവെയ്ക്കാതെയിതേവരെയ്ക്കുമേ
മികവോടിവരൊത്തുവാണു,മേൽ
പുകളാൎന്നസ്സുതയോഗമോൎക്കയോ? 4

കരുണാംബുധിയങ്ങുപാരിതിൽ
പെരുകും ഘോരവിപത്തു കാൺകയാൽ
അരുതിങ്ങുവസിപ്പതെന്നതോ-
ൎത്തുരുകും ഞങ്ങളെവിട്ടുപോയിതോ? 5

ഇഹ ശാസ്ത്രവിദഗ്ദ്ധരാം ജനം
ദഹനന്നൃണങ്ങൾകൊടുക്കമൊക്കെയും;
സഹതാപമൊരുത്തനില്ല ദു-
സ്സഹമിക്കാഴ്ചയശക്യമെന്നതോ? 6

മുതലും ഗുണവും നശിച്ചുപോം,
ഹിതമോതാൻ മുതിരില്ലൊരുത്തരും
ഗതധർമ്മഭയങ്കരാഹവാ-
ഹതമിബ്ഭുവിനിവേണ്ടയെന്നതോ? 7

മലയാണ്മമറഞ്ഞു ശീമയായ്
നിലകൊണ്ടേയ്ക്കുമിതിപ്രതപ്തമായ്
വിലവിററു ഭുജിപ്പതിന്നു മു-
ന്നുലകം ഹന്ത! വെടിഞ്ഞതോ ഭവാൻ? 8

തവ ജീവനിലും പ്രിയം പെട്ട-
ന്നവളാം കൈരളി ഹൈഗണിയാൽ ദ്രുതം
അവശപ്പെട്ടു,മസ്വതന്ത്രയാ-
മവളെക്കാൺകവയ്യയെന്നതോ? 9

ചില കൂട്ടരതിൻ സഹായമാ-
യലമുത്സാഹമെടുത്തിരിപ്പതും
നിലപോലെ വിലക്കിടുന്നതിൽ
ഫലമില്ലെന്നതുകണ്ടൊഴിഞ്ഞതോ? 10

ഉലകിൽ പല ഭാഷയിങ്കലും
നലമാളും പല നവ്യരീതിയും
അലമുണ്ട്; അവയും വിളങ്ങണം
മലയാളത്തി,ലതല്ലി തേ മതം? 11

നരർതൻ പ്രതിഭാവിലാസവും
വരസംസ്കാരഗുണപ്രഭാവവും
പരമോത്തമുദാരസാഹിതീ-
നിരവദ്യസ്ഥിതികാത്തവൻ ഭവാൻ. 12

ഭുവിജീവിതരീതി ദേശദി-
ഗ്വിവിധാചാരവിചാരമെന്നിയേ
അവിടുന്നു ചരിച്ചതില്ല തെ-
ല്ലുവികല്പം മലയാണ്മയിൽ പ്രഭോ! 13

ഉരപൊങ്ങിനകോടിലിംഗഭൂ-
വരർ, കോയിക്ഷിതിനാഥർതൊട്ടവർ
സരസം നിവസിച്ചിടുന്നൊര-
സ്സുരനാടേ സുഖമെന്നു തോന്നിയോ? 14

തടവറ്റ വചോവിലാസവും,
സ്ഫുടപാണ്ഡിത്യവുമൾഗ്ഗുണങ്ങളും,
തടവുന്നവരൊത്തു വാഴുവാ-
നുടലും കൈവെടിയാമതാകുമോ? 15

സുരഭൂസുഖമേറ്റു സാഹിതീ-
സുരഭിക്ഷോണിയിൽ നായകൻ ഭവാൻ
സരസേന സുഹൃജ്ജനങ്ങളിൽ
പരമാഹ്ലാദമുതിക്കയല്ലയോ? 16

ദിവമാളിനമക്കളായ്ക്കുറെ-
ദിവസം വാഴ്കി,ലൊരിക്കലെങ്കിലും.
ഭുവനത്തിലിഹാഗമിക്കുമോ
വിവശന്മാരിവരാശ്വസിക്കുവാൻ? 17

തനയൻ തവ കൃഷ്ണസംജ്ഞനും
വിനയുൾക്കൊണ്ട കൃശാംഗി പത്നിയും.
പുനരാത്മജയും കിടാങ്ങളും
മനതാർ വെന്തുരുകിക്കഴിക്കയാം. 18

സമഭാവന ഭൂവിലേവനും
സമമുണ്ടാകണമെന്നധീശ്വരൻ
സമരക്രിയതീർത്തി,തായതിൽ
സമഹൃത്താമവിടേയ്ക്കനിഷ്ടമോ? 19

വളരുന്നൊരധർമ്മവൈഭവം
വിളയുമ്പോളതു കൊയ്തൊടുക്കുവാൻ
ഇളയിൽ ചിലകാലമീശനി-
ങ്ങുളവാക്കും രണം; ഇല്ലയോ നൃപ! 20

ക്ഷമദുർജ്ജനഭാരമേറ്റു സം-
ഭ്രമമുൾക്കൊണ്ടരുളും വചസ്സുകൾ
രമണൻ ഹരി കേൾക്കയില്ലയോ?
സമരം തൽഫലമല്ലി ഭൂപതേ! 21

തടവറ്റു കടന്നു കൈരളീ-
നടനത്തട്ടിലണഞ്ഞ ശിക്ഷിതർ
തുടരുന്നൊരു തുള്ളൽ നിർത്തുവാ-
നുടയോനാരവിടുന്നൊഴിഞ്ഞതഹോ! 22

മികവുറ്റ പഠിപ്പുദാരധീ
തികയും വാസന, ഭാഷയിൽ പ്രിയം,
അകലാതിവയൊത്ത കൂട്ടർ നൽ-
പ്പുകൾനേടീ തവ സൽകൃപാബലാൽ. 23

ക്ഷിതിവിട്ട സുഹൃജ്ജനങ്ങളാം
കൃതികൾക്കത്രിദിവം സ്ഥിരം ദൃഢം;
ഗതി മൂപ്പിന്നശേഷമാകിലും
മതി,യെന്നാൽ കൃതകൃത്യ കൈരളി 24

ശുഭഭാരത ശുദ്ധഭാരതീ-
വിഭവോല്ലാസികളസ്സുഹൃജ്ജനം
'രഭസം വരികിങ്ങു ഞങ്ങൾ തൻ-
സഭയിൽ കൂടുക'യെന്നുരച്ചിതോ? 25

വെടിയാം സുഹൃദ്ഭക്തിയെന്നതീ-
യടിയങ്ങൾക്കറിയാവതെങ്കിലും,
അടി കേവലമാശ്രയിക്കവോ-
ക്കടിയാം; ആയതു വിസ്മരിക്കയോ? 26

പഴമസ്ഥിയലും മഹത്വവും,
പിഴപററാത്ത നവീനരീതിയും,
അഴലററു സമാദരിച്ചു ന-
ല്ലുഴകിൽ സൽക്കൃതി ചെയ്തവൻ ഭവാൻ. 27

പ്രിയകൈരളിയിൽ ജനിച്ച ത-
ന്മയമായ് സന്തതി ഭൃതരായർ തേ;
സ്വയമസ്തുതരൂപഭംഗിയാൽ
നിയതം ദേവി സദാഭിമാനിനി. 28

പലരത്നവുമൊത്തുകോർത്തു നി-
സ്തുലകാന്തിത്തികവേകുവാൻ ഭവാൻ
മലയാളവധൂഗളത്തിലു-
ജ്ജ്വലമാം മംഗളമാല ചാർത്തിനാൻ. 29

വിരവിൽ പല പൂർവ്വർ പോററിയ-
സ്സുരസദ്രാംവിധവാണിതന്നുടെ
വരവൃത്തദശാവിശേഷവും
തരമൊത്തങ്ങു വെളിപ്പെടുത്തിനാൻ 30

വിലസൽഗുണഭദ്രമുദ്രണം,
വിലയാളും വിമലപ്രസാധനം,
ഫലമുള്ള ഗവേഷണം, ഭവാ-
നലമെല്ലാററിലുമുദ്യമിച്ചവൻ 31

നിയതം തവ ഭൗതികാംഗമ-
ത്യയമേററു, പിണമായി ഭസ്മമായ്;
ലയമററയിരെന്നുയർന്നൊരാ-
സ്സുയശഃകായമതീവപുഷ്ടമായ്. 32

വിരിവേറിയ നെററി, സാഹിതീ-
സ്ഫുരിതാഹ്ലാദവിലാസിയാനനം,
ഭരിതപ്രതിഭോജ്വലാക്ഷി, സ-
ച്ചരിതക്കൊക്കമുയന്ന നാസിക, 33



പുരുസൌഹൃദഗൌരവങ്ങൾ തൻ
പെരുമാററം കളിയാട്ടമുക്തികൾ,
പുരുഷോത്തമനാം മഹാൻ മഹീ-
പുരുഹൂതൻ ഹൃദി വാഴ്‌വുമേ സദാ. 34

അലമോതുക, ഭോ! ഭവൽഗുണം,
മലയാളത്തിനു ചെയ്ത നന്മയും;
ഫലമെന്തുരചെയ്തിലൊക്കെ നീ-
യലസം വാഴകയെൻെറ തൂലികേ! 35

വിദ്വാൻ, വെള്ളാശ്ശൂൽ ഗോവിന്ദമേനോൻ.

## ആവശ്യപ്പെട്ടതനുസരിച്ചുള്ള അഭിപ്രായപ്രകടനം.

III

അതിനും പുറമെ "അപത്യാദിചതുരൎത്ഥ്യന്തഭിന്നമായ ജഗത്തിലുള്ള സകലാൎത്ഥങ്ങളിലും 'ഛ'പ്രത്യതം വരുമെന്നോ? കല്ലിനാഥനു മനസ്സിലാകുന്നുണ്ടോ?" എന്നും മററും പരിഹസിക്കുന്ന വൈയാകരണൻ

"തസ്യേദമിത്യപത്യേപി ബാധനാൎത്ഥം കൃതം ഭവേൽ
ഉത്സൎഗ്ഗശ്ശേഷ ഏവാസൌ വൃദ്ധാന്യസ്യ പ്രയോജനം"

എന്ന വാൎത്തികത്തെപ്പോലും ഓൎമ്മിക്കാതിരുന്നതു സാധുവാകയാലും ബിരുദമില്ലാഞ്ഞിട്ടുമായിരിക്കുമോ? 'ജഗത്തിലുള്ള' എന്നതിൻെറ അടിയിൽ വരയിടാൻ ചെലവഴിച്ച സമയമെങ്കിലും സാധു വൈയാകരണൻ 'ഉത്സൎഗ്ഗശ്ശേഷ ഏവാസൌ' എന്ന അടിയെക്കുറിച്ചു ഓൎമ്മിക്കുവാൻ വിനിയോഗിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! വാൎത്തികകാരൻെറ ആ അടിയുടെ ഗൌരവം സാധു വൈയാകരണൻ മനസ്സിലാക്കീട്ടില്ലായിരിക്കുമോ? "കണ്ടാലറിയാത്തവൻ കൊണ്ടാലറിയും" എന്ന പഴമൊഴി ശരിയാണെങ്കിൽ മേലിലെങ്കിലും സൂക്ഷിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

പൂൎവ്വപക്ഷിയുടെ അഭിപ്രായപ്രകാരം, 'തസ്യാപത്യം' എന്നതിനെ പ്രത്യേകം സൂത്രമാക്കാതെ 'അതഇഞ്' എന്ന സൂത്രത്തോടുചേൎത്ത് "തസ്യാപത്യമതഇഞ്" എന്നിങ്ങിനെ ഒരേ സൂത്രമായി നിബന്ധിക്കുന്നപക്ഷം, അദന്തബാഹ്വാദിപ്രകൃതിസംബദ്ധമായ അപത്യാൎത്ഥം മാത്രം ഉക്തമാകയാൽ, ഉത്സൎഗഃ അസൌ=ഉത്സൎഗമായ—അദന്തബാഹ്വാദിഭിന്നപ്രകൃതിസംബദ്ധമായ-ഉപഗുഭാന്വാദി പ്രകൃതിസംബദ്ധമായ—അപത്യാൎത്ഥം (ഉത്സൃജ്യതേ അദന്തബാഹ്വാദിപ്രകൃതിഭ്യോ വിയുജ്യതേ ഇത്യുത്സൎഗഃ) ശേഷഃ ഏവ=ഉക്താന്യമാകകൊണ്ടു ശേഷം തന്നെയാകുന്നു. ആകയാൽ, ഉക്താന്യരൂപശേഷമായ താദൃശാപത്യാൎത്ഥത്തിൽ "വൃദ്ധാച്ഛഃ" എന്ന 'ഛ'പ്രത്യയവിധിക്കു പ്രസക്തിയുള്ളതുകൊണ്ടു ബാദ്ധ്യബാധകഭാവം സുഘടമാകയാൽ വൃദ്ധസ്ഥലത്ത് അൺപ്രത്യയത്തിന്നു ഛപ്രത്യയം ബാധകമാകും എന്നാണല്ലോ 'ഉത്സൎഗശ്ശേഷ ഏവാസൌ' എന്നുപറയുന്ന വാൎത്തികകാരൻെറ അഭിപ്രായം. ഇതു ഭാഷ്യകാരനും സമ്മതിച്ചിരിക്കുന്നു. അദന്തബാഹ്വാദിഭിന്നപ്രകൃതിസംബദ്ധമായ അപത്യാൎത്ഥം ശേഷാധികാരത്തിൽ നിൎദ്ദേശിച്ചിട്ടില്ലാ

തിരിക്കെ, ആ അൎത്ഥത്തിൽ വരുന്ന അൺപ്രത്യയത്തിന്നു ശേഷാധികാരസ്ഥമായ 'ഛ'പ്രത്യയം ബാധകമാകുമെന്നു പറഞ്ഞിരിക്കുന്നതു സാധുവൈയാകരണന്റെ സിദ്ധാന്തപ്രകാരം അസംബന്ധമാണല്ലോ. ബിരുദമില്ലാത്ത സാധു വൈയാകരണന്നു മനസ്സിലാകുന്നുണ്ടോ? ബിരുദമില്ലെങ്കിലും ഇതു മനസ്സിലാക്കിക്കൂടേ?എന്തു പറയുന്നു? സാധു വൈയാകരണന്റെ ദൃഷ്ടിയിൽ വാൎത്തികകാരന്റെ വചനം കല്ലിനാഥന്റേതുപോലെ 'അസംബദ്ധപ്രലാപം'തന്നെയല്ലേ? ഈ സ്ഥിതിക്ക്, "ജഗത്തിലുള്ള സകലാൎത്ഥങ്ങളിലും 'ഛ'പ്രത്യയം വരുമെന്നോ?" എന്ന അവജ്ഞാഗൎഭമായ ആ ചോദ്യം വാൎത്തികകാരനോടും വാൎത്തികമേററു പാടുന്ന മഹാഭാഷ്യകാരനോടും ചോദിച്ചു അവരെ കൊമ്പുകുത്തിച്ചതിന്നു ശേഷം മതിയായിരുന്നു കല്ലിനാഥനോടു ചോദിക്കുക.

"ഗുരൂപദേശാദദ്ധ്യേതും ശാസ്ത്രം ജഡധിയോപ്യലം"

എന്നു ഭാമഹാചാൎയ്യൻ പറഞ്ഞിരിക്കുന്നതു ഇത്തരം ശാസ്ത്രാദ്ധ്യയനത്തെ ഉദ്ദേശിച്ചായിരിക്കുമോ ആവോ?

പാണിനി 'ഘ'പ്രത്യയമാണു രാഷ്ട്രശബ്ദത്തിന്നു വിധിച്ചിരിക്കുന്നതെങ്കിലും 'ഛ'പ്രത്യയം നിഷേധിച്ചിട്ടില്ലായ്കയാൽ അതും വരാമെന്നു പറയുന്ന മല്ലിനാഥനെപ്പോലെതന്നെ 'തസ്മൈ ഹിതം'എന്ന അൎത്ഥം ഉക്താന്യമാകയാൽ ശേഷാൎത്ഥമാണെന്നു വാദിക്കുന്ന സന്ദൎഭത്തിൽ,വ്യാഖ്യാതാക്കന്മാർ ശേഷാധികാരപ്രയോജനം 'ഛ'പ്രത്യയബാധാഭാവമാണെന്നു പറയാതെ "ശൈഷികാൽ–" എന്നതുവരെയ്ക്കും അനുധാവനംചെയ്തിരിക്കുന്നതു തന്റെ അഭിപ്രായത്തിന്നു ഉപോദ്ബലകമാണെന്നു ഉപന്യസിക്കുന്ന കല്ലിനാഥനും അസംബദ്ധപ്രലാപിയാണെന്നിങ്ങിനെ "നിഷേധ"ശബ്ദത്തിന്റെയും 'ബാധാഭാവ'ശബ്ദത്തിന്റെയും അൎത്ഥത്തിനുള്ള സ്വരൂപവൈലക്ഷണ്യമെന്നുവേണ്ട സന്ദൎഭകൃതമായ വൈലക്ഷണ്യം പോലുമാലോചിക്കാതെ കണ്ണടച്ചഭിപ്രായപ്പെടുന്ന ബിരുദമില്ലാത്ത ഒരു സാധുവൈയാകരണന്റെ സവികാരമെങ്കിലും ഏകാകാരമായ മാനസവൃത്തി യഥോചിതി മാനിക്കേണ്ടതുതന്നെയാണ്.

അതെന്തായാലും, അജ്ഞാനവിജൃംഭിതമായ അഹങ്കാരവും വിജ്ഞാനവിജൃംഭിതമായ ഔദ്ധത്യവും കൂട്ടിമുട്ടുന്നതിനിടയ്ക്കുചെന്നു ചാടുന്നതു സാധുക്കൾക്കു ചേൎന്ന കാൎയ്യമാണെന്നു എനിക്കു തോന്നുന്നില്ല. മല്ലിനാഥനെന്നും കല്ലിനാഥനെന്നും വേഷത്തിൽ രംഗപ്രവേശംചെയ്തിരി

ക്കുന്ന രണ്ടുപേരും വാസ്തവത്തിൽ മാന്യന്മാരായ അഭിജ്ഞന്മാരായിരിക്കാമെങ്കിലും ആ വേഷ്യന്മാരിൽ ഒരാൾ പറഞ്ഞതു ശരിയായി മനസ്സിലാക്കുവാനും മനസ്സിലാക്കിയതു ശരിയായിപ്പറവാനും സാധിക്കാത്ത അപലാപപടിഷ്ഠനായ ഒരു മുണ്ടന്റെ നിലയിലും മറേറാരാൾ പറഞ്ഞതും പറയാൻപോകുന്നതും വേണ്ടതിലധികം മനസ്സിലാക്കി വികടംപറയുന്ന ഒരു തണ്ടന്റെ നിലയിലും വാദപ്രയോഗത്തിൽ പ്രത്യക്ഷപ്പെടുന്നതു കല്പിച്ചുകൂട്ടി വേഷപ്പകച്ചയുടെ പൊലിമയ്ക്കുവേണ്ടിയായിരിക്കാം.

നോക്കുക:— "രാഷ്ട്രീയം എന്ന ശബ്ദത്തെ സംബന്ധിച്ചു മല്ലിനാഥൻ എന്തുചെയ്തുവെന്നാണാക്ഷേപം? അങ്ങനെ ഒരപശബ്ദം നടപ്പിലാക്കിയെന്നോ? വിചിത്രം തന്നെ." എന്ന മല്ലിനാഥവാക്യത്തിൽ തെളിഞ്ഞുകാണുന്നതു അഹങ്കാരനിർഭരമായ അപലാപപടുതപമല്ലാതെ മറെറന്തൊന്നാണ്? 'തത്ര ജാതഃ' 'തത്ര ഭവഃ' എന്നീ അൎത്ഥങ്ങളിൽ രാഷ്ട്രശബ്ദത്തിന്നു 'ഘ'പ്രത്യയമാണ് പാണിനി വിധിച്ചിട്ടുള്ളതെങ്കിലും 'ഛ'പ്രത്യയം നിഷേധിച്ചിട്ടില്ലായ്കയാൽ ആ അൎത്ഥങ്ങളിൽ രാഷ്ട്രീയശബ്ദം സാധുവാകുന്നുവെന്നാണല്ലോ മൂപ്പരുടെ പ്രതിജ്ഞ- (കൈരളി 25ാം പുസ്തകം 9-ാം ലക്കത്തിലെ ഭാഷാവിഷയം നോക്കുക.?) ആ പ്രതിജ്ഞയെ ഇതുകൊണ്ടു അപലപിക്കയല്ല ചെയ്തിരിക്കുന്നതു അപലപിച്ചിരിക്കുന്നതു മുൻകരുതലോടുകൂടി തന്ത്രത്തിലാണുതാനും. അതല്ലേ സാമൎത്ഥ്യം! ഗത്യന്തരമില്ലെന്നു മനസ്സിലായപ്പോൾ വീണേടത്തു കിടന്നുകൊണ്ട് പ്രകൃതാസംബദ്ധമായി ദയനീയമായ നിലയിൽ "തസ്മൈ ഹിതം" എന്ന അൎത്ഥത്തിൽ പാണിനി 'ഛ'പ്രത്യയം നിഷേധിച്ചിട്ടുണ്ടോ എന്നു ചോദിച്ചുകൊണ്ടു വിഷയത്തിന്റെ അതിൎത്തിക്കല്ല് ഒന്നു നീക്കിനോക്കുകയും അതിനെ ഉദ്ധതനായ കല്ലിനാഥൻ കാൎയ്യമാക്കുന്നില്ലെന്നു കണ്ടപ്പോൾ നീക്കിയിട്ട കല്ലു പ്രകൃതപംക്തികളെക്കൊണ്ടു തഞ്ചത്തിൽ ഇതാ നാട്ടിയുറപ്പിക്കുവാൻ ശ്രമിക്കയുമാണല്ലോ ചെയ്തിരിക്കുന്നതു്. അപലാപതന്ത്രപടിഷ്ഠതയ്ക്കിതിലധികം തെളിവാവശ്യകമാണെന്നു തോന്നുന്നില്ല.

കല്ലിനാഥന്റെ വാദം ശേഷാൎത്ഥത്തെ അവലംബിച്ചാണെന്നും ശേഷാധികാരത്തെ സംബന്ധിച്ചു മൂപ്പൎക്ക് അഭിപ്രായമില്ലെന്നും ഉള്ള വസ്തുത സുവ്യക്തമായിരിക്കെ "ഈ ആഭാടമെല്ലാമെന്തിനാണെന്നു മല്ലിനാഥനുമനസ്സിലാകുന്നില്ല." "തസ്മൈഹിതം എന്ന സൂത്രം ശേഷേ എന്ന അധികാരത്തിൽ പെട്ടമെന്നു പച്ചമലയാളത്തിൽ പറഞ്ഞിരുന്നുവെങ്കിൽ

പാവപ്പെട്ട മല്ലിനാഥനു മനസ്സിലാകുമായിരുന്നു." എന്നുദ്ഘോഷിക്കുന്ന മല്ലിനാഥനു പറഞ്ഞതു മനസ്സിലാക്കാനുള്ള കഴിവും കഷ്ടിയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അത്രയുമല്ല; മനസ്സിലാക്കിയതു ശരിക്കു പറവാനുള്ള ശേഷിയില്ലെന്നുംകൂടി പറയേണ്ടിയിരിക്കുന്നു. ശേഷിയുണ്ടെന്നു വരികിൽ, "മല്ലിനാഥൻ ശേഷേ എന്ന സൂത്രത്തെസംബന്ധിച്ചു കുത്രാധികാരഃ എന്നു ചോദിച്ചാൽ 'ജാതവിധിഃ യത്ര ശ്രൂയതേ തദാരഭ്യ വികാരവിധേഃ പ്രാക്ശേഷ ഇത്യധികാരോയം' എന്നു പറയാനേ പഠിച്ചിട്ടുള്ളു." എന്നിങ്ങിനെ അസംബദ്ധമായ ഭാഷയിൽ വിവക്ഷിതത്തിന്നു വിരുദ്ധമായിപ്പറയുമോ? 'അഷ്ടാദ്ധ്യാ'യിയിലെ നാലാം അദ്ധ്യായത്തിലെ മൂന്നാം പാദത്തിലുള്ള ഇരുപത്തഞ്ചാമത്തെ സൂത്രത്തിലാണല്ലോ ജാതവിധി ശ്രുവിക്കപ്പെടുന്നതു. 'ശേഷേ' എന്നതാകട്ടെ നാലാമദ്ധ്യായം രണ്ടാം പാദത്തിലുള്ള 92-ാമത്തെ സൂത്രവുമാണ്. 'തത്രജാതഃ' എന്ന സൂത്രം മുതല്ക്കു ശേഷാധികാരമുള്ളുവെങ്കിൽ 'ശേഷേ എന്നതിന്നും 'തത്ര ജാതഃ' എന്നതിന്നും ഇടയ്ക്കുള്ള 'രാഷ്ട്രാവാരപാരാദ്ഘഖൌ' മുതലായ അനേകം സൂത്രങ്ങളിൽ ശേഷാധികാരമില്ലെന്നല്ലേ വരിക? അതു സർവ്വഥാ അസംബദ്ധവും വിവക്ഷിതത്തിന്നു വിരുദ്ധവും മല്ലിനാഥനു അത്യന്താ അനിഷ്ടവുമാണല്ലോ. എന്തിനു വളർത്തുന്നു? ഇത്രയുംകൊണ്ടു തന്നെ മല്ലിനാഥന്റെ സംസ്കൃതഭാഷയിലുള്ള വ്യുല്പത്തിക്കു പുറമെ വ്യാകരണശാസ്ത്രത്തിലുള്ള പഠിപ്പും ശബ്ദസാധുതാസാധുതാശാസനത്തിനുള്ള കെല്പും ആർക്കും ഗ്രഹിക്കാവുന്നതാണല്ലോ.

കല്ലിനാഥന്റെ സ്ഥിതി മല്ലിനാഥന്റേതിൽനിന്നു വളരെ വ്യത്യസ്തമായിട്ടാണ് കാണുന്നതു. മൂപ്പരുടെ ലേഖനത്തിൽ എവിടെ നോക്കിയാലും ശാസ്ത്രാഭിജ്ഞതയും തന്മൂലകമായ ഔദ്ധത്യവും തലപൊക്കിയിരിക്കുന്നതു കാണാം. മല്ലിനാഥനെ വിഷയം മാററാൻ അറിഞ്ഞുകൊണ്ടനുവദിച്ചിരിക്കുന്ന കല്ലിനാഥന്റെ ഔദ്ധത്യം സാമാന്യമാണോ? വിശേഷിച്ചു വിഷയസീമ മാററാൻ സമ്മതിക്കുന്നപക്ഷം തനിക്കു മാറിനില്ക്കേണ്ടതു ചുവടുറയ്ക്കാത്ത സ്ഥലത്തേക്കായിരുന്നിട്ടും മല്ലിനാഥന്റെ ശാസ്ത്രവിജ്ഞാനവിദഗ്ദ്ധതയുടെ സ്വരൂപം കുറച്ചധികം കാണികൾക്കു കാണുമാറാക്കുവാൻ വേണ്ടിമാത്രം അത്തരം സാഹസത്തിന്നു ഒരുമ്പെട്ട കല്ലിനാഥന്റെ ഔദ്ധത്യം എത്രത്തോളമുൽകടമായിരിക്കണം. ഇത്തരം ധീരോദ്ധതനുണ്ടോ സാധുവൈയാകരണന്റെ ആക്ഷേപത്തേയോ ആവലാതിയേയോ മുറവിളിയേയോ കൂട്ടാക്കുന്നു? വികടനായ കല്ലിനാഥൻ എന്തെല്ലാം വിധികളും ന്യായങ്ങളുമാണാവോ ഇനി കൊണ്ടുവരുന്നതു?

ഏതായാലും ഇങ്ങിനെ മല്ലിനാഥകല്ലിനാഥന്മാർ ദണ്ഡാദണ്ഡിയായി നടത്തുന്ന കുണ്ടാമണ്ടിയിൽ ഒരു സാധു വൈയാകരണൻ ചെന്നു തലയിടുന്നതു ശ്രേയസ്കരമാണെന്നു തോന്നുന്നില്ല. 'മല്ലിനാഥകല്ലിനാഥന്മാരുടെ മല്ലുകൊണ്ടുമാത്രം "തത്ര ജാതഃ" "തത്ര ഭവഃ" എന്ന അൎത്ഥത്തിൽ 'രാഷ്ട്രീയശബ്ദം പാണിനീയമതപ്രകാരം സാധുവായോ 'തസ്മൈ ഹിതം' എന്ന അൎത്ഥത്തിൽ അസാധുവായോ പരിണമിക്കാൻ പ്രയാസമാണെന്നു സമാധാനിച്ചു ബിരുദമില്ലാത്ത ഒരു സാധു വൈയാകരണൻ വയ്യാവേലയ്ക്കിറങ്ങാതിരിക്കയായിരുന്നു ഉത്തമകല്പം" എന്നുള്ള ഇവൻെറ അഭിപ്രായം—രാജർഷിവായനക്കാരനായ ഒരു വൈയാകരണൻെറ സ്വാഭിപ്രായം—ഇതാ സവിനയം ബോധിപ്പിച്ചുകൊള്ളുന്നു. ഇനിയെല്ലാം ഇഷ്ടംപോലെ.

ബിരുദമുള്ള ഒരു വൈയാകരണൻ.

## റവ. ഫാദർ ജോസഫ് പുല്ലാക്കാരൻ

(രജതജൂബിലിമഹാമഹം)

ഒരു മാതൃകാദ്ധ്യാപകനെന്ന നിലയിലും ഒരു മാതൃകാവൈദികനെന്ന നിലയിലും സുപ്രശസ്തനായ ഒരു മാന്യമഹാനുഭാവനാണ് തൃശ്ശൂർ സെൻറ് തോമസ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ റവ: ഫാദർ ജോസഫ് പുല്ലാക്കാരൻ അവർകൾ. സത്യം, ഈശ്വരഭക്തി, കൃത്യനിഷ്ഠ, ജനരഞ്ജന, ഭൂതദയ, ഔദാൎയ്യം മുതലായ എല്ലാ ഗുണഗണങ്ങളും തികഞ്ഞ ഒരു യഥാൎത്ഥ യതീന്ദ്രനുമാണിദ്ദേഹം. ഏതാണ്ട് ഒരു പന്ത്രണ്ടു കൊല്ലത്തിനുമുമ്പുതന്നെ എനിക്കു സുപരിചിതനായിട്ടുള്ള ഇദ്ദേഹത്തിൽനിന്ന് നിരുപമമായ അനേകകാൎയ്യങ്ങൾ പഠിക്കുവാനും ധനസഹായം ലഭിക്കുവാനുമിടയായിട്ടുണ്ടെന്നുള്ളതു് ഇത്തരുണത്തിൽ കൃതജ്ഞതയോടുകൂടി അനുസ്മരിച്ചുകൊള്ളുന്നു.

ഞങ്ങളുടെ രാജർഷിമാസികയുടെ സ്മൎത്തവ്യപുരുഷനും ആധുനികകൊച്ചിയുടെ സ്രഷ്ടാവും ഭാഷാപോഷണത്തിനുവേണ്ടി അവിശ്രമപരിശ്രമം ചെയ്തിട്ടുള്ള പുണ്യശ്ലോകനുമായ ആ സൎവ്വകലാവല്ലഭനോടും കൊച്ചി രാജകുടുംബത്തോടും തനിക്കുള്ള ഭക്തിവിശ്വാസബഹുമാനങ്ങൾ വാചാമഗോചരമാണെന്ന് അദ്ദേഹം പല അവസരങ്ങളിലും സുവ്യക്തമാക്കീട്ടുണ്ട്.

സ്വവിദ്യാൎത്ഥികളോടു് അദ്ദേഹത്തിനുള്ള വാത്സല്യം സീമാതീതമാണ്. എങ്കിലും തെറ്റുചെയ്ത വിദ്യാൎത്ഥികളെ ഈ വന്ദ്യ അദ്ധ്യാപകൻ ഉപദേശരൂപേണയാണ് ശിക്ഷനൽകാറുള്ളതു്. ഉപദേശംകൊണ്ടു് മയങ്ങാത്ത വിദ്യാൎത്ഥികളെ ചില സന്ദർഭങ്ങളിൽ അദ്ദേഹത്തിൻെറ ഒററ നോട്ടം ഭയവിഹ്വലരാക്കിത്തീൎക്കാറുണ്ടു്.

അദ്ദേഹം ക്ലാസ്സിൽ പാഠം എടുക്കുന്ന അവസരങ്ങളിൽ വിദ്യാൎത്ഥികൾക്കു മനസ്സിലാകാത്ത പ്രൗഢഭാഗങ്ങൾ ഫലിതവും തന്മയത്വവും ഉള്ള രീതിയിൽ പ്രയോഗിച്ച് അവരുടെ മനസ്സിനെ ആകൎഷിക്കുകയും അവൎക്ക് വിഷയങ്ങൾ ഹൃദിസ്ഥമാക്കുകയും ചെയ്യുന്നു.



അന്യമതാവലംബികളായ വിദ്യാൎത്ഥികളോട് ഈ പരിശുദ്ധാത്മാവിന് വലിയസ്നേഹമാണ്. സുഷ്ഠുവായ വൃത്തിയിൽ നടക്കുന്നവരും പഠനപാടവമുള്ളവരും ആയകുട്ടികളോട് ഇദ്ദേഹത്തിനതിരററ വാത്സല്യമുണ്ട്. പ്രതിമാസം തനിക്കു കിട്ടുന്ന ശമ്പളത്തിന്റെ തുച്ഛമായ ഒരു ഭാഗംമാത്രം തന്റെ ആവശ്യത്തിനായെടുത്തിന്റെ ശേഷം ബാക്കി വരുന്ന സംഖ്യ പരോപകാരാൎത്ഥം ഇദ്ദേഹം ചെലവുചെയ്യുന്നു സാധുക്കളായ അനേകം വിദ്യാൎത്ഥികൾക്കു പ്രതിദിനം ഇദ്ദേഹം ഉച്ചഭക്ഷണം കൊടുത്തുവരുന്നതു് ഞാൻ കണ്ടിട്ടുണ്ട്. ആ ഭക്ഷണസാധനങ്ങളാകട്ടെ കുട്ടികളുടെ ആരോഗ്യത്തിന് പരിപുഷ്ടിയുണ്ടാക്കുന്നവയാണ്. ഈ ചെലവ് നടത്തുവാൻ പണം പോരാതെ വരുന്ന അവ സരങ്ങളിൽ ഒരു യഥാൎത്ഥ യതീന്ദ്രന്റെ യാചനാനിലയെക്കൂടി ഇദ്ദേഹം അവലംബിക്കാറുണ്ട്.

ഹെഡ്മാസ്റ്ററും അസിസ്റ്റന്റ് അദ്ധ്യാപകന്മാരുമായി ചില സ്കൂളുകളിൽ ചിലപ്പോൾ ഐക്യമില്ലാതെ കാണാറുണ്ട്. ബ: പുല്ലോക്കാരൻ അവൎകളുടെ കിഴിലുള്ള അദ്ധ്യാപകന്മാൎക്കാകട്ടെ അദ്ദേഹത്തിനോടുള്ള ബഹുമാനവും സ്നേഹവും സീമാതീതമാണ്.

ഇദ്ദേഹം ഒരു നല്ല സാഹിത്യരസികനാണ്. ഏതാനും കൊല്ലങ്ങൾക്കു മുമ്പ് നടന്ന കൈരളിമാസികയിൽ വേദാന്തപരമായ പല ലേഖനങ്ങളും എഴുതീട്ടുണ്ട്. കൂടാതെ "ശ്രീക്രിസ്തുദേവന്റെ ഗിരിപ്രഭാഷണം" എന്നൊരു പുസ്തകം പ്രസിദ്ധപ്പെടുത്തുവാൻ തയ്യാറാക്കിവച്ചിട്ടുമുണ്ട്.

തൻെറ നാട്ടിനുവേണ്ടി ഇദ്ദേഹം ചെയ്തിട്ടുള്ള മഹത്തായ കാൎയ്യങ്ങൾ ഒരു കാലത്തും മറയ്ക്കുവാനൊ മറക്കുവാനൊ നിവൃത്തിയില്ലാത്തതാണ്. ബി. ഏ ക്കും എം. ഏ.ക്കും പാസ്സായി ഇപ്പോൾ പ്രഫ്സർ മുതലായ ഉയൎന്ന ഉദ്യോഗത്തിൽ സ്ഥിതിചെയ്യുന്ന പലക്കും അവർ പഠിക്കുന്ന കാലങ്ങളിൽ ഈ മഹാത്മാവ് ധാരാളം പണം അയച്ചുകൊടുത്തു് സഹായിച്ചിട്ടുണ്ട്.

എല്ലാ വിധത്തിലും മാനനീയനും ശ്ലാഘനീയനും ആയ ഈ മഹാനുഭാവൻെറ രജതജൂബിലി മഹാമഹം ഇക്കഴിഞ്ഞ ഡിസമ്പർ 17-ാംനു- വളരെ കെങ്കേമമായി കൊണ്ടാടുകയുണ്ടായി. സൎവ്വഗുണസമ്പൂൎണ്ണനായ റവ: ഫാദർ ജോസഫ് പുല്ലോക്കാരൻ അവർകൾ അരോഗദൃഢഗാത്രനായി ചിരകാലം വാഴുവാൻ സൎവ്വശക്തനായ ജഗദീശ്വരൻ കടാക്ഷിക്കുമാറാകട്ടെ.

കെ. കെ. ജി. പിള്ള.

---

അഭിപ്രായം.

## സമരഗതി

നമ്മുടെ കൊച്ചിഗവൎമ്മേണ്ടിൻെറ വാർ പബ്ലിസിററി ഡിപ്പാർട്ടുമെൻറിൽനിന്നും ശനിയാഴ്ചതോറും പ്രസിദ്ധപ്പെടുത്തിവരുന്ന "സമരഗതി" എന്ന പ്രതിവാരികയുടെ അഞ്ചു ലക്കങ്ങൾ കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു. സമരം അതിൻെറ അത്യുച്ചനിലയിൽ എത്തിയിരിക്കുന്ന ഈ അവസരത്തിൽ സൗജന്യമായി വായിക്കാവുന്ന ഇത്തരം പ്രസിദ്ധീകരണങ്ങൾ അവശ്യം ആവശ്യമാണ്. ജനങ്ങൾക്ക് സമരഗതിയെപ്പററിയുള്ള ബോധം ഉണ്ടാകുവാൻ ഏററവും ഉപകരിക്കുന്ന പ്രസ്തുത സഹജീവിക്ക് ഞങ്ങൾ സൎവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

---

☞ മാററിവയ്ക്കുവാൻ നിവൃത്തിയില്ലാത്തതായ പല ലേഖനങ്ങളും ഈ ലക്കത്തിൽചേക്കേണ്ടതായി വന്നതുകൊണ്ടു്, ഞങ്ങളുടെ മാന്യ ലേഖകന്മാർ അയച്ചിട്ടുള്ള പല പ്രൗഢലേഖനങ്ങളും ചേക്കുവാൻ തരപ്പെട്ടിട്ടില്ല. അടുത്തലക്കംമുതൽ എല്ലാം പ്രസിദ്ധപ്പെടുത്തിക്കൊള്ളാം.

രാ. പ.